K23U 4113

Reg. No.: ...............................

Name : ...................................

# I Semester B.A./B.Sc. Degree (C.B.C.S.S.-O.B.E. – Regular/Supplementary/ Improvement) Examination, November 2023
## (2019 Admission Onwards)
## ADDITIONAL COMMON COURSE IN MALAYALAM
## 1A07 MAL : കഥാമാതൃകകൾ

Time : 3 Hours  Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

1) സാറാ ജോസഫിന്റെ അശോക പ്രതിനിധാനം ചെയ്യുന്നത് സ്ത്രീപക്ഷത്തിന്റെ വിശാലമായ ലോകബോധമാണ് – വിവരിക്കുക.

2) നഗര കാഴ്ചകളുടെ യഥാതഥ വിവരണമാണ് മദിരാശി പിത്തലാട്ടം – വിശദീകരിക്കുക.

3) ഒരു കലാകാരിയുടെ ആത്മസംഘർഷത്തിലൂടെയുള്ള യാത്രയാണ് മരപ്പാവകൾ. വിലയിരുത്തുക.

4) ജയമോഹന്റെ നൂറു സിംഹാസനങ്ങൾ മുന്നോട്ടുവെയ്ക്കുന്നത് സാമൂഹിക യാഥാർഥ്യങ്ങൾ ആണ് – സമർത്ഥിക്കുക. (2×7=14)

II. **ഓരോന്നും 150** വാക്കിൽ കവിയാതെ ഏതെങ്കിലും **4** ചോദ്യത്തിന് ഉത്തരമെഴുതുക.

5) 'മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ' – എന്ന കഥ ചർച്ച ചെയ്യുന്ന വ്യാവഹാരികതലം ചർച്ച ചെയ്യുക.

6) കിഴാളരുടെ ഉന്നമനത്തിനും വിദ്യാഭ്യാസ മുന്നേറ്റത്തിനും പ്രാധാന്യം നൽകിയ നോവലാണ് സരസ്വതി വിജയം – സമർത്ഥിക്കുക.

7) ഇന്ത്യയെ ഇളക്കി മറിച്ച രാഷ്ട്രീയ സംഭവമാണ് വന്മരങ്ങൾ വീഴുമ്പോൾ എന്ന കഥയുടെ പശ്ചാത്തലം – വിശദീകരിക്കുക.

8) അവൾ സ്വന്തം കഥ പറയാൻ തുടങ്ങി. മധുരമായ ഭാവി കൊതിച്ച്, വിധി കയ്പ്പ് മാത്രം സമ്മാനിച്ച സ്വന്തം ജീവിതത്തെപ്പറ്റി – എന്തായിരുന്നു ജീവിത കഥ ?

9) *ജ്യോതിഷക്കാരന്റെ കഥ* എന്ന നോവൽ ഭാഗത്തിലൂടെ എസ് . കെ. പൊറ്റക്കാട് തുറന്നു കാണിക്കുന്നതെന്താണ് ?

10) സ്ത്രീയുടെ തീവ്രസ്നേഹത്തിന്റെ ശക്തിയും തന്റേടം നഷ്ടമായ പുരുഷന്റെ ബലഹീനതയും അനാവരണം ചെയ്യുന്ന കഥയാണ് *തരിശുനിലം*. സമർത്ഥിക്കുക. **(4×3=12)**

III. ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോന്നും 100** വാക്കിൽ കവിയരുത്.

11) ആരാച്ചാറിലെ പ്രമേയമെന്ത് ?

12) '1984 ഒക്ടോബർ 31' ഈ ദിവസത്തിന്റെ പ്രാധാന്യം എന്ത് ?

13) ഒറ്റയ്ക്ക് ഈ വിജനതയിൽ അസമയത്ത് സഞ്ചരിക്കാൻ എന്താണ് കാരണമെന്ന് ആരാഞ്ഞപ്പോൾ, 'നിങ്ങളെപ്പോലെത്തന്നെ' എന്ന ശക്തമായ മറുപടിയാണ് അവൾ നല്കിയത്. – സൂചിതമെന്ത് ?

14) 'കാപ്പാ മക്കളേ കശേര വേണ്ടാ! കളസം വേണ്ടാ!' – ആര് ? ആരോട് പറയുന്നു ?

15) നിങ്ങളും പാർവതിയും സമം സമം – സന്ദർഭം എന്ത് ?

16) മനുഷ്യൻ ഭൂതലം പിടിച്ചു പറ്റുന്നതിനു മുമ്പ് ഒരു കാലമുണ്ടായിരുന്നു. അന്ന് ഇവിടെ വാണിരുന്നവരാണ് ഓന്തുകൾ – എന്താണ് സന്ദർഭം ? **(4×2=8)**

IV. ഏതെങ്കിലും **നാലെണ്ണത്തിന്** ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17) ഒ. വി. വിജയൻ

18) ഫെമിനിസം

19) കെ. ആർ. മീര

20) എസ്. ഹരീഷ്

21) സരസ്വതി വിജയം

22) കുഞ്ഞാമിന. **(4×1½=6)**

K22U 3482

Reg. No. : ................................

Name : ...................................

## I Semester B.A./B.Sc. Degree (C.B.C.S.S.-O.B.E. – Regular/ Supplementary/Improvement) Examination, November 2022
## (2019 Admission Onwards)
## ADDITIONAL COMMON COURSE IN MALAYALAM
## 1A07 MAL : കഥാമാതൃകകൾ

Time : 3 Hours Max. Marks : 40

I. **4** ചോദ്യങ്ങളിൽ നിന്ന് **2 എണ്ണത്തിന് 300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

1) സരസമായ വർണനകളാണ് ആദ്യകാലകഥകളെ ആകർഷകമാക്കുന്നത്. 'മദിരാശി പിത്തലാട്ട'ത്തെ ആസ്പദമാക്കി വിവരിക്കുക.

2) ഒരു കലാകാരിയുടെ ആത്മസംഘർഷങ്ങൾ തികച്ചും ഗ്രാമീണമായൊരന്തരീക്ഷത്തിൽ വരച്ചു കാട്ടുകയാണ് 'മരപ്പാവകൾ' എന്ന കഥ. ചർച്ച ചെയ്യുക.

3) പാർശ്വവൽക്കൃത ജനവിഭാഗങ്ങൾ മുഖ്യധാരയിലേക്കെത്തണമെങ്കിൽ സിംഹാസനങ്ങൾ ഇനിയുമെത്രയോ വേണ്ടി വരുമെന്ന വസ്തുത ഹൃദയസ്പർശിയായി ആവിഷ്കരിക്കുകയാണ് 'നൂറു സിംഹാസനങ്ങൾ' എന്ന നോവൽ. ശരിയോ ?

4) ഇതിഹാസങ്ങളിലെ സ്ത്രീ വിരുദ്ധസന്ദർഭങ്ങൾ മറനീക്കി കാണിക്കുന്നതിൽ സാറാ ജോസഫിനുള്ള പാടവം 'അശോക' എന്ന കഥയെ അടിസ്ഥാനമാക്കി വിവരിക്കുക. **(2×7=14)**

II. **6** ചോദ്യങ്ങളിൽ നിന്ന് **4 എണ്ണത്തിന് 150** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

5) 'പക്ഷേ ഒരാത്തേമ്മാരുടെ കഷ്ടപ്പാടുകൾ മുഴുവൻ നിങ്ങൾ മനസ്സിലാക്കീട്ടുണ്ടെന്നു ഞാൻ വിശ്വസിക്കുന്നില്ല'. – സൂചിതം വ്യക്തമാക്കുക.

6) പരസ്പരം സ്നേഹിക്കുമ്പോഴും 'തരിശുനില'ത്തിലെ കാമുകീകാമുകന്മാർ തികച്ചും വ്യത്യസ്തമായ ആന്തരിക ജീവിതമാണ് നയിക്കുന്നത്. – കഥയിൽ നിന്നുള്ള സൂചനകൾ സഹിതം വിവരിക്കുക.

7) കാപ്പനെ ധർമപാലനാക്കുന്നതിൽ സ്വാമി പ്രജാനന്ദൻ വഹിച്ച പങ്ക് വിവരിക്കുക.

P.T.O.

8) കേരളീയരുടെ ഇരട്ടജീവിതം തുറന്നുകാട്ടുന്നതാണ് 'ജ്യോതിഷക്കാരന്റെ കഥ' എന്ന നോവൽ ഭാഗം. വിശദമാക്കുക.

9) 'ഇത് കർമപരമ്പരയുടെ സ്നേഹരഹിതമായ കഥയാണ്. ഇതിൽ അകൽച്ചയും ദുഃഖവും മാത്രമേയുള്ളൂ'. – സന്ദർഭവും ആശയവും വ്യക്തമാക്കുക.

10) 'സാത്താൻമാരേ, മരിച്ചവരെയും നിങ്ങൾ വെറുതെ വിടുകയില്ലേ ?' – സൂചിതം വ്യക്തമാക്കുക.

**(4×3=12)**

III. **6** ചോദ്യങ്ങളിൽ നിന്ന് **4 എണ്ണത്തിന് 100** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

11) 'എന്നാൽ ഒണ്ടെന്ന് തെളിയാതെ എഴുതിക്കൊള്ളൂ' – സന്ദർഭവും ആശയവും വ്യക്തമാക്കുക.

12) 'ഭ്രാതൃവഞ്ചനയുടെ പാപം മണത്ത് സീത അസ്വസ്ഥയായി' – സൂചിതം വ്യക്തമാക്കുക.

13) 'ആനേനെ അല്ല. ആനയെ എന്ന് പറയടീ.' – സൂചിതം വ്യക്തമാക്കുക.

14) ധർമപാലനെ വിവാഹം കഴിച്ചതുകൊണ്ട് സുധയ്ക്കുണ്ടായ പ്രയോജനങ്ങൾ എന്തെല്ലാം ?

15) കുഞ്ഞാമിന എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.

16) 'നീ വെറുമൊരു പെണ്ണല്ല എന്നോർക്കണം. ഭാരതീയസ്ത്രീത്വത്തിന്റെയും സ്വാഭിമാനത്തിന്റെയും പ്രതീകമാണ്' – സൂചിതം വ്യക്തമാക്കുക.

**(4×2=8)**

IV. **6** ചോദ്യങ്ങളിൽ നിന്ന് **4 എണ്ണത്തിന്** ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17) 'സരസ്വതീവിജയം' – കുറിപ്പെഴുതുക.

18) 'നിങ്ങളും പാർവതിയും സമം സമം' – എന്യൂമറേറ്റർ ഇങ്ങനെ പറയാൻ കാരണമെന്ത് ?

19) 'കണ്ടാൽ ആങ്ങളേം പെങ്ങളേം പോലുണ്ട്.' – ആരെക്കുറിച്ചാണ് ഈ പരാമർശം ? എപ്പോൾ ?

20) 'വന്മരങ്ങൾ വീഴുമ്പോൾ' എന്ന കഥയ്ക്ക് പശ്ചാത്തലമായ ചരിത്രസന്ദർഭമേത് ?

21) 'ആരാച്ചാർ' – കുറിപ്പെഴുതുക.

22) മാധവിക്കുട്ടി – കുറിപ്പെഴുതുക.

**(4×1½=6)**

KANNUR UNIVERSITY

K21U 6771

Reg. No.: ...............................

Name : ...................................

HI COLLEGE
KANNUR DT.
670511
POST BAG No: 5, CHERUPUZHA

**I Semester B.A./B.Sc. Degree (C.B.C.S.S. – O.B.E. – Regular/ Supplementary/Improvement) Examination, November 2021**
**(2019 Admission Onwards)**
**ADDITIONAL COMMON COURSE IN MALAYALAM**
**1A07 MAL : കഥാമാതൃകകൾ**

Time : 3 Hours Max. Marks : 40

I. താഴെ തന്നിരിക്കുന്ന **4** ചോദ്യങ്ങളിൽ നിന്ന് **രണ്ടെണ്ണ**ത്തിന് **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(2×7=14)**

1) മോഷണവും പറ്റിക്കപ്പെടലും ആദ്യകാലകഥകളിൽ ആവർത്തിച്ചുവരുന്ന പ്രമേയമാണ്. ഒപ്പം ആധുനികീകരണത്തിന്റെ അടയാളങ്ങളും അവയിൽ കാണപ്പെടുന്നു. 'മദിരാശി പിത്തലാട്ടം' എന്ന കഥയെ മുൻനിർത്തി വിവരിക്കുക.

2) ഒരു ചരിത്രസന്ദർഭം സാധാരണക്കാരന്റെ ജീവിതത്തിൽ എങ്ങനെയെല്ലാം ഇടപെടുന്നുവെന്നതിന്റെ രാഷ്ട്രീയ ആഖ്യാനമാണ് 'വൻമരങ്ങൾ വീഴുമ്പോൾ' എന്ന ചെറുകഥ – വിശകലനം ചെയ്യുക.

3) ദലിത്ജീവിതവും പൊതുസമൂഹവും തമ്മിലുള്ള ബന്ധങ്ങളുടെ സങ്കീർണ്ണതയെ പ്രശ്നവൽക്കരിക്കുന്ന നോവലാണ് ജയമോഹന്റെ 'നൂറുസിംഹാസനങ്ങൾ' പരിശോധിക്കുക.

4) ഖസാക്കിലെ ജനതയുടെ വിശ്വാസങ്ങളും രവിയുടെ ശാസ്ത്രാവബോധവും 'ആദ്യപാഠങ്ങൾ' എന്ന അധ്യായത്തെ മുൻനിർത്തി വിശദീകരിക്കുക.

II. താഴെ തന്നിരിക്കുന്ന **6** ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണ**ത്തിന് **150** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×3=12)**

5) വി. ടി. ഭട്ടതിരിപ്പാട് പരിചയപ്പെട്ട അന്തർജ്ജനത്തിന് അനുഭവിക്കേണ്ടിവന്ന ദുരിതങ്ങൾ ചുരുക്കി വിവരിക്കുക.

6) 'തരിശുനിലം' എന്ന കഥാശീർഷകം നായികയുടെ ജീവിതത്തെ എപ്രകാരം പ്രതിഫലിപ്പിക്കുന്നു. വിശകലനം ചെയ്യുക.

7) നൂറുസിംഹാസനങ്ങളിലെ സുധ എന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.

8) നൂറുസിംഹാസനങ്ങളിൽ ധർമപാലന്റെ ഇന്റർവ്യൂ സമയത്ത് നടന്ന സംഭവങ്ങൾ ചുരുക്കി വിവരിക്കുക.

P.T.O.

9) നിണക്ക് കാര്യം അറിഞ്ഞുകൂട. ചെർമൻ എഴുത്തുപഠിച്ച് പാട്ടുപാടിയാൽ നാട്ടിൽ മഴ പെയ്യില്ല. കുബേരൻ നമ്പൂതിരി ഇങ്ങനെ പറയാനിടയായ സാഹചര്യമെന്ത് ?

10) കേള്യമാഷ്ടർക്ക് പറ്റിയ അമളി ചുരുക്കി വിവരിക്കുക.

III. താഴെ തന്നിരിക്കുന്ന **6** ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണ**ത്തിന് **100** വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×2=8)**

11) പൊതുജനാഭിപ്രായത്തെ വിഗണിച്ച് മുമ്പോട്ടുപോവുന്ന ഒരു ഭരണകൂടത്തെയാണ് എനിക്കപ്പോൾ ഓർമ വന്നത്. എപ്പോൾ ? ആർക്ക് ?

12) പാലാഴി കടയാൻ ഞാൻ കൂടിയില്ല. അതുകൊണ്ട് ഞാൻ ലക്ഷ്മിയെ കണ്ടിട്ടില്ല. നളിനി ഇങ്ങനെ പറഞ്ഞ സന്ദർഭമെഴുതുക.

13) 'വൻമരങ്ങൾ വീഴുമ്പോൾ' എന്ന ശീർഷകത്തിന്റെ അർത്ഥതലം വിവരിക്കുക.

14) ഭ്രാതൃവഞ്ചനയുടെ പാപം മണത്ത് സീത അസ്വസ്ഥയായി. സന്ദർഭമെഴുതുക.

15) നൂറുസിംഹാസനങ്ങളിലെ അമ്മ 'പുള്ളെളക്കുട്ടു സാമീ' എന്നു പറഞ്ഞ് ആശ്രമത്തിനു മുന്നിലിരുന്ന് വിലപിക്കാൻ കാരണമെന്ത് ?

16) ചേതനഗൃദ്ധമല്ലിക്കിനെ പരിചയപ്പെടുത്തുക.

IV. താഴെ തന്നിരിക്കുന്ന **6** ചോദ്യങ്ങളിൽ നിന്ന് **നാലെണ്ണ**ത്തിന് ചെറു കുറിപ്പുകൾ തയ്യാറാക്കുക. **(4×1.5=6)**

17) കുറിപ്പെഴുതുക – സുന്ദരംരാമസ്വാമി.

18) കുറിപ്പെഴുതുക – കുബേരൻ നമ്പൂതിരി.

19) തുമ്പികളെക്കുറിച്ച് ഖസാക്കുകാരുടെ വിശ്വാസമെന്ത് ?

20) കുറിപ്പെഴുതുക – വി. ടി. ഭട്ടതിരിപ്പാട്.

21) കുറിപ്പെഴുതുക – ശ്രീനാരായണഗുരു.

22) കുറിപ്പെഴുതുക – ചെറുകഥ.

---

01173682

K19U 3354

Reg. No. : ..............................

Name : ..................................

# I Semester B.A/B.Sc. Degree (CBCSS (OBE)- Regular) Examination, November - 2019

## (2019 Admnission)

## ADDITIONAL COMMON COURSE IN MALAYALAM

## 1A 07 MAL : കഥാമാതൃകകൾ

സമയം : 3 മണിക്കൂർ മാർക്ക് : 40

I. 4 ചോദ്യങ്ങളിൽ നിന്ന് രണ്ടെണ്ണത്തിന് 300 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. . (2×7=14)

1. മാതൃത്വം അനുഭവിക്കാൻ സാഹചര്യം ലഭിക്കാത്ത ഒരു യുവതിയുടെ മാനസിക തലങ്ങൾ മരപ്പാവകളിൽ ആവിഷ്കരിച്ചിട്ടുണ്ട്.- വിമർശന ദൃഷ്ട്യാ പരിശോധിക്കുക.

2. 'മോദസ്ഥിതനായങ്ങു വസിപ്പൂ മലപോലെ' എന്ന കഥയ്ക്കൊരു ആസ്വാദനം തയ്യാറാക്കുക.

3. ദളിതർക്കനുഭവിക്കേണ്ടി വരുന്ന അവഗണനയും ദുരിതങ്ങളും 'നൂറു സിംഹാസനങ്ങൾ' എന്ന നോവലിനെ മുൻനിർത്തി വിശകലനം ചെയ്യുക.

4. മാധ്യമങ്ങൾ അതിന്റെ ഉത്തരവാദിത്തവും ധാർമ്മികതയും മറന്ന് കച്ചവടക്കാരായി മാറുന്ന കാഴ്ച 'ആരാച്ചാരി'ലെ ഇരുപത്തിനാലാം അധ്യായത്തെ മുൻനിർത്തി വിവരിക്കുക.

II. 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് 150 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. (4×3=12)

5. പൊങ്ങച്ചക്കാരുടെ വാക്ക് വിശ്വസിച്ച് കൂടെ പോകുന്നവർക്ക് പറ്റുന്ന അമളിയെ 'മദിരാശി പിത്തലാട്ടം' എന്ന കഥയിൽ ആവിഷ്കരിക്കുന്നതെങ്ങനെ?

P.T.O.

6. സ്ത്രീത്വത്തിന്റെ മഹത്വം 'അശോക' എന്ന കഥയിൽ ചിത്രീകരിക്കുന്നതെങ്ങനെ?

7. 'നൂറു സിംഹാസനങ്ങൾ' എന്ന നോവലിൽ പ്രത്യക്ഷപ്പെടുന്ന ധർമ്മപാലന്റെ അമ്മയുടെ സ്വഭാവം നിരൂപണം ചെയ്യുക.

8. ''അവൻ എന്തുതന്നെ ചെയ്തിട്ടുണ്ടെങ്കിലും അവൻ നിരപരാധിയാണ്'' ധർമ്മപാലൻ ഇങ്ങനെ പറയുവാനുണ്ടായ സാഹചര്യം വിശദീകരിക്കുക.

9. കർമ്മം - കർമ്മഫലം ഇവയെ വിശദീകരിക്കാനായി രവി പറഞ്ഞ കഥ പരിചയപ്പെടുത്തുക.

10. ''കേളു മാഷ്ടർക്ക് പറ്റിയ ബ്ലീച്ച് '' - വിശദീകരിക്കുക.

III. 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് 100 വാക്കിൽ കവിയാതെ ഉത്തരമെഴുതുക. **(4×2=8)**

11. വി ടി ഭട്ടതിരിപ്പാട് പരിചയപ്പെട്ട നമ്പൂതിരി സ്ത്രീ പറഞ്ഞ കഥ ചുരുക്കി എഴുതുക.

12. നളിനി പുരുഷരൂപങ്ങൾ ഉണ്ടാക്കേണ്ടെന്ന് തീരുമാനിക്കാൻ കാരണമെന്ത്?

13. അമർജിത്തിനെയും മകൻ ജഗ്ഗിയെയും കന്യാസ്ത്രീ മഠങ്ങളിൽ ഉള്ളവർ രക്ഷിച്ചതെങ്ങനെ?

14. ദളിതരെ ഉയർത്തിക്കൊണ്ടുവരാൻ പ്രജാനന്ദ സ്വാമികൾ വഹിച്ച പങ്കെന്ത്?

15. ധർമ്മപാലന്റെ ഭാര്യയായ സുധയെന്ന കഥാപാത്രത്തെ പരിചയപ്പെടുത്തുക.

16. രാമൻ കുട്ടി നമ്പ്യാർക്ക് കുബേരൻ നമ്പൂതിരി രണ്ട് മുണ്ട് പാരിതോഷികമായി നൽകാൻ ഇടയാക്കിയ സംഭവമെന്ത്?

IV. 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക. **(4×½=6)**

17. ''പൊതുജനാഭിപ്രായത്തെ വിഗണിച്ച് മുമ്പോട്ട് പോകുന്ന ഒരു ഭരണകൂടത്തെയാണ് എനിക്കിപ്പോൾ ഓർമ്മവന്നത് '' സന്ദർഭമേത് ?

18. ''ദർശനം തന്ന ശേഷം അപ്രത്യക്ഷമാകുന്ന ഒരു ദൈവത്തെപ്പോലെ അവൾ മായുകയാണ് '' - സന്ദർഭം എഴുതുക.

19. കുറിപ്പെഴുതുക - ജയമോഹൻ

20. തുമ്പികളെക്കുറിച്ചുള്ള ഖസാക്കുകാരുടെ വിശ്വാസമെന്ത് ?

21. പ്രേമലതയെ തൂക്കിക്കൊല്ലണ്ണമെന്ന് ഥാക്കുമാ പറയാൻ കാരണമെന്ത്?

22. ശ്രീരാമൻ ശംബുകനെ വധിക്കാൻ കാരണമെന്ത് ?

Reg. No.: ...............................

Name : ...................................

NAVAJYOTHI COLLEGE KANNUR DT. 670511 POST BAG No: 5, CHERUPUZHA

**K20U 3354**

# I Semester B.A./B.Sc. Degree CBCSS (OBE) Reg./Sup./Imp. Examination, November 2020
## (2019 Admn. Onwards)
## ADDITIONAL COMMON COURSE IN MALAYALAM
## 1A07 MAL : കഥാമാതൃകകൾ

Time : 3 Hours Max. Marks : 40

I. ഏതെങ്കിലും **2** ചോദ്യത്തിന് **300** വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

1) നമ്പൂതിരി സ്ത്രീകൾക്ക് അനുഭവിക്കേണ്ടി വന്ന ദുരിതങ്ങൾ 'ഉത്തരം കിട്ടാത്ത ചോദ്യം' എന്ന കഥയെ ആസ്പദമാക്കി വിശകലനം ചെയ്യുക.

2) ഒരു നഷ്ടപ്രണയത്തിന്റെ ആവിഷ്കാരമാണ് 'തരിശുനിലം' നിരൂപണ ദൃഷ്ട്യാ പരിശോധിക്കുക.

3) ദളിതർക്കനുഭവിക്കേണ്ടിവരുന്ന ദുരന്തങ്ങൾ 'നൂറുസിംഹാസനങ്ങൾ' എന്ന നോവലിനെ ആസ്പദമാക്കി വിശകലനം ചെയ്യുക.

4) പ്രാദേശികതയുടെ സൗന്ദര്യം 'ഖസാക്കിന്റെ ഇതിഹാസ'ത്തിൽ നിറഞ്ഞുനിൽക്കുന്നു. പാഠഭാഗത്തെ മുൻനിർത്തി വിശദീകരിക്കുക. **(2×7=14)**

II. **6** ചോദ്യങ്ങളിൽ നിന്ന് **4** ചോദ്യത്തിന് **150** വാക്കുകളിൽ കവിയാതെ ഉത്തരമെഴുതുക.

5) നളിനിയും എന്യൂമറേറ്ററും തമ്മിലുള്ള സംഭാഷണത്തിലൂടെ നളിനിയുടെ ജീവിതത്തെ കാരൂർ ആവിഷ്ക്കരിക്കുന്നതെങ്ങനെ ?

6) വംശഹത്യയുടെ ദുരന്തദൃശ്യങ്ങൾ 'വൻമരങ്ങൾ വീഴുമ്പോൾ' എന്ന കഥയിൽ ആവിഷ്കരിക്കുന്നതെങ്ങനെ ?

7) എന്നെ എല്ലാവരും 'തോട്ടിഡോക്ടർ' എന്നാണ് വിളിക്കുന്നത്. മാണിക്യം ഇങ്ങനെ പറയാനുണ്ടായ സാഹചര്യം വിശദീകരിക്കുക.

8) നൂറുസിംഹാസനങ്ങൾ എന്ന നോവലിലെ 'അമ്മയെ' പരിചയപ്പെടുത്തുക.

9) കുബേരൻ നമ്പൂതിരിയുടെ സ്വഭാവം നിരൂപണം ചെയ്യുക.

10) ഭാരതീയ സ്ത്രീത്വത്തിന്റെയും സ്വാഭിമാനത്തിന്റെയും പ്രതീകമായി ചേതനയെ ഉയർത്തിക്കാട്ടാൻ കാരണമെന്ത് ? **(4×3=12)**

P.T.O.

III. 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് 100 വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

11) മദിരാശിയിൽ വച്ചുണ്ടായ അബദ്ധം കഥാകൃത്ത് വിവരിക്കുന്നതെങ്ങനെ ?

12) നളിനി പുരുഷരൂപങ്ങൾ ഉണ്ടാക്കേണ്ടെന്നു തീരുമാനിക്കാൻ കാരണമെന്ത് ?

13) 'മോദസ്ഥിതനായങ്ങുവസിപ്പൂ മലപോലെ' – എന്ന ശീർഷകം കഥയുടെ ഭാവതലത്തെ മികവുറ്റതാക്കുന്നതെങ്ങനെ ?

14) നൂറുസിംഹാസനങ്ങളിൽ ധർമ്മപാലൻ കഴുതച്ചന്തയ്ക്കടുത്തുള്ള പഴയ ആശുപത്രിയിൽ കണ്ട ദൃശ്യമെന്ത് ?

15) ബോധാനന്ദന്റെ സ്വഭാവ നിരൂപണം നടത്തുക.

16) ഒരു മഴ പെയ്തുതോർന്നതുപോലെ ജ്യോതിഷിയുടെ പ്രസംഗവും അവസാനിച്ചു. – പ്രസംഗത്തിന്റെ ഉള്ളടക്കമെന്ത് ? **(4×2=8)**

IV. 6 ചോദ്യങ്ങളിൽ നിന്ന് 4 എണ്ണത്തിന് ചെറുകുറിപ്പ് തയ്യാറാക്കുക.

17) കുറിപ്പെഴുതുക – വി. ടി. ഭട്ടതിരിപ്പാട്.

18) കല്പന കല്പന പോലെ നടത്തപ്പെടണമെന്ന് വിഭീഷണൻ പറയാൻ കാരണമെന്ത് ?

19) കുറിപ്പെഴുതുക – ദളിതിസം.

20) രവി പറഞ്ഞുകൊടുത്ത ഓന്തുകളുടെ കഥയെഴുതുക.

21) 'ഹാങ് വുമൺസ് ഡയറി' – എന്ന ടെലിവിഷൻ പരിപാടിയുടെ പ്രത്യേകത എന്ത് ?

22) രാമൻകുട്ടി നമ്പ്യാർ പുലയനെ ചേറിൽ ചവിട്ടിത്താഴ്ത്താൻ കാരണമെന്ത് ? **(4×1½=6)**

______